സി1/370/2016-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 05/12/2016

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനത്തിലെ റിയർ വ്യൂ മിറർ-സംബന്ധിച്ച്
സൂചന: 11-09-2016 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് നം. യു1-86367/2014/പി എച്ച് ക്യൂ തീയതി 11-09-2016

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുള്ളത് വാഹനങ്ങളിലെ അകത്തെ മിറർ ഡ്രൈവർമാർ ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത ഉണ്ടെന്നാണ്. 1989ലെ കേരള മോട്ടോർ വാഹന ചട്ടം 251 പ്രകാരം പുറക് വശത്തു നിന്നുള്ള ട്രാഫിക് വ്യക്തമായി കാണുന്നതിനായി വാഹനങ്ങളിൽ മിറർ ഘടിപ്പിച്ചിരിക്കണമെന്നാണ്. പ്രസ്തുത ചട്ടം വാഹനങ്ങളിൽ റിയർ വ്യൂ മിറർ വാഹനങ്ങളുടെ അകത്ത് ഘടിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ വാഹനങ്ങളുടെ അകത്ത് ഘടിപ്പിച്ചിട്ടുള്ള മിറർ ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത ഉള്ളതിനാൽ വാഹനം പരിശോധിക്കുമ്പോൾ ഇത്തരത്തിൽ മിറർ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

08/12/2016

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി